# മൂന്ന്– മൂന്ന് കാര്യങ്ങളുടെ പാഠം

ഇന്ന് ബാപ്ദാദ തന്റെ സദാ കാലത്തെ കൂട്ടകാരായ കുട്ടികളെ മിലനം ചെയ്യാൻ വന്നിരിക്കുന്നു. കുട്ടികൾ തന്നെയാണ് ബാബയുടെ സദാ കൂട്ടകാർ, സഹയോഗി, കാരണം അതി സ്നേഹിയാണ്. സ്നേഹമുള്ളയിടത്ത് അവരുടെ സദാ കൂട്ടകാർ സഹയോഗിയായി മാറുന്നു. അതിനാൽ സ്നേഹി കുട്ടികളായത് കാരണം ബാബയ്ക്ക് കുട്ടികളില്ലാതെ ഒരു കാര്യവും ചെയ്യാൻ സാധിക്കില്ല. കുട്ടികൾക്കും ബാബയില്ലാതെ ഒന്നും ചെയ്യാൻ സാധിക്കില്ല. അതിനാൽ സ്ഥാപനയുടെ ആദി മുതൽ ബാബ ബ്രഹ്മാബാബയോടൊപ്പം ബ്രാഹ്മണ കുട്ടികളെയും രചിച്ചു. ബ്രഹ്മാവിനെ തനിച്ചല്ല. ബ്രഹ്മാവിനോടൊപ്പം ബ്രാഹ്മണ കുട്ടികളും ജനിച്ചു. എന്ത് കൊണ്ട്? കുട്ടികൾ സഹയോഗി,് കൂട്ടകാരാണ് അതിനാൽ ബാബയുടെ ജയന്തി ആഘോഷിക്കുമ്പോൾ കൂടെയെന്ത് പറയുന്നു? ശിവ ജയന്തി തന്നെ ബ്രഹ്മാവിന്റെ ജയന്തി, ബ്രാഹ്മണരുടെ ജയന്തി. അതിനാൽ കൂടെ ബാപ്ദാദായുടെയും കുട്ടികളുടെയും സർവ്വരുടെയും ആദി രചനയുണ്ടായി, ആദി മുതലേ ബാബയുടെ സഹയോഗി കൂട്ടകാരായി. അതിനാൽ ബാബ തന്റെ സഹയോഗി കൂട്ട്കാരായ കുട്ടികളെ മിലനം ചെയ്തു കൊണ്ടിരിക്കുന്നു. സാഥി അർത്ഥം ഓരോ ചുവടിൽ, ഓരോ സങ്കല്പത്തിൽ, വാക്കിൽ കൂട്ട്ക്കെട്ട് നിറവേറ്റുന്നവർ. അനുകരിക്കുക അർത്ഥം കൂട്ട്ക്കെട്ട് നിറവേറ്റുക. അങ്ങനെ ഓരോ ചുവടിലും കൂട്ട്ക്കെട്ട് നിറവേറ്റുന്നവർ അർത്ഥം അനുകരിക്കുന്ന കുട്ടികൾ തന്നെയാണ് സത്യമായ സാഥി. അവിനാശി സാഥി. സത്യമായ സാഥിയുടെ ഓരോ ചുവടും സ്വതവേ ബാബയ്ക്ക് സമാനമായിരിക്കും. അവിടെയുമിവിടെയുമാകില്ല. സത്യമായ സാഥിക്ക് പരിശ്രമിക്കേണ്ടി വരില്ല. ചുവട് ഇങ്ങനെ വയ്ക്കണൊ അങ്ങനെ വയ്ക്കണൊ എന്ന്. സ്വതവേ ബാബയുടെ ചുവടിൻമേൽ ചുവട് വയ്ക്കാതെ ലേശം പോലും അങ്ങോട്ടും ഇങ്ങോട്ടുമാകില്ല. ഇങ്ങനെയുള്ള സത്യമായ സാഥി കുട്ടികളുടെ മനസ്സിൽ, ബുദ്ധിയിൽ, ഹൃദയത്തിൽ എന്തായിരിക്കും? ഞാൻ ബാബയുടേത്, ബാബ എന്റേത്. ബാബയുടെ പരിധിയില്ലാത്ത ഖജനാക്കളുടെ സമ്പത്ത് എന്റേതാണ് എന്നത് ബുദ്ധിയിലുണ്ട്. ഹൃദയത്തിൽ ദിലാരാമനല്ലാതെ മറ്റൊന്നും തന്നെയില്ല. ബാബ തന്നെ ഓർമ്മയുടെ സ്വരൂപമായി ലയിച്ചിരിക്കുമ്പോൾ എങ്ങനെയുള്ള സ്മൃതി അതേ പോലെ സ്ഥിതിയും കർമ്മവുമായി തീരുന്നു. ഭക്തി മാർഗ്ഗത്തിൽ ഭക്തർ നിശ്ചയം കാണിക്കുന്നതിന് പറയുന്നുണ്ട്–നോക്കൂ, എന്റെ ഹൃദയത്തിൽ ആരാണ് എന്ന്. നിങ്ങൾ പറയുന്നില്ല എന്നാൽ  സ്വതവേ തന്നെ നിങ്ങളുടെ ഹൃദയത്തിൽ നിന്നും സ്വതവേ തന്നെ ദിലാരാമന്റെ അനുഭവം സർവ്വർക്കും ഉണ്ടാകുന്നു അർത്ഥം കാണപ്പെടുന്നു. അതിനാൽ സത്യമായ സാഥി ഓരോ ചുവടിലും ബാബയ്ക്ക് സമാനം മാസ്റ്റർ സർവ്വശക്തിവാനാണ്.

ഇന്ന് ബാപ്ദാദ കുട്ടികൾക്ക് ആശംസകൾ നല്കാൻ  വന്നിരിക്കുന്നു. സർവ്വ സഹയോഗി സാഥി കുട്ടികൾ തന്റെ ഉണർവ്വും ഉത്സാഹത്തോടെ ഓർമ്മയിൽ, സേവനത്തിൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഓരോരുത്തരുടെയും മനസ്സിൽ ഒരേയൊരു ദൃഢ സങ്കല്പമുണ്ട് വിജയത്തിന്റെ കൊടി പറക്കുക തന്നെ വേണം. മുഴുവൻ വിശ്വത്തിൽ ഒരു ആത്മീയ അച്ഛന്റെ പ്രത്യക്ഷതയുടെ കൊടി പറക്കും. ആ ഉയർന്ന കൊടിയുടെ ചുവടിൽ മുഴുവൻ വിശ്വത്തിലെ ആത്മാക്കൾ ബാബ വന്നു എന്ന ഗീതം പാടും. ഏതു പോലെ നിങ്ങൾ കൊടി ഉയർത്തുമ്പോൾ സർവ്വരും കൊടിയുടെ ചുവടിൽ നിന്ന് പാട്ട് പാടുന്നു, പിന്നെയെന്ത് ചെയ്യുന്നു! കൊടി ഉയരുമ്പോൾ സർവ്വരുടേയും മേൽ പുഷ്പം വർഷിക്കുന്നു. അങ്ങനെ സർവ്വരുടെയും ഹൃദയത്തിൽ നിന്നും ഈ ഗീതം സ്വതവേ വരും. സർവ്വരുടേയും ഒരേയൊര ബാബയാണ്. ഗതി സത്ഗതി ദാതാവ് ഒരേയൊരു ബാബയാണ്.  അങ്ങനെയുള്ള ഗീതം പാടുമ്പോൾ തന്നെ അവിനാശി സുഖം ശാന്തിയുടെ സമ്പത്ത് പുഷ്പങ്ങളുടെ വർഷ പോലെ അനുഭവിക്കപ്പെടും. ബാബ എന്ന് പറഞ്ഞു സമ്പത്തിന്റെ അനുഭവം ചെയ്തു. അതിനാൽ സർവ്വരുടെയും മനസ്സിൽ ഈ ഒരു ഉത്സാഹവും ഉണർവ്വുമാണുള്ളത് അതിനാൽ ബാപ്ദാദ കുട്ടികളുടെ ഉണർവ്വും ഉത്സാഹവും കണ്ട് കുട്ടികൾക്ക് ആശംസകൾ നല്കുന്നു. വിട പറയില്ലല്ലോ. ആശംസകൾ. സംഗമയുഗത്തിലെ സമയം സദാ ആശംസകളുടെ സമയമാണ്. അതിനാൽ മനസ്സിന്റെ താല്പര്യത്തിൽ, സേവനത്തിന്റെ താല്പര്യത്തിൽ ബാപ്ദാദ സർവ്വ കുട്ടികൾക്കും ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. സേവനത്തിൽ സദാ മുന്നോട്ടുയരുന്നതിനുള്ള ഉത്സാഹം സർവ്വർക്കുമുണ്ട്. സേവനത്തിൽ മുന്നോട്ടുയരാനുള്ള ഉത്സാഹമില്ലാത്തവരായി ആരും തന്നെയുണ്ടാകില്ല! ഉത്സാഹമില്ലായിരുന്നെങ്കിൽ ഇവിടെയെങ്ങനെ വന്നു! ഇതും ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും ലക്ഷണമല്ലെ! ഉണർവ്വും ഉത്സാഹവുമുണ്ട്, സദാ ഉണ്ടായിരിക്കും. അതോടൊപ്പം ഉണർവ്വും ഉത്സാഹത്തോടെ മുന്നോട്ടുയരുമ്പോൾ സേവനത്തിൽ സദാ നിർവ്വിഘ്നമാണോ? ഉണർവ്വും ഉത്സാഹവും വളരെ നല്ലതാണ്, എന്നാൽ നിർവ്വിഘ്നമായി സേവനം ചെയ്യുക, വിഘ്നങ്ങളെ മറി കടന്ന് കടന്ന് സേവനം ചെയ്യു, ഇതിൽ വ്യത്യാസമുണ്ട്. നിർവ്വിഘ്നം അർത്ഥം ആർക്കും വിഘ്ന രൂപമാകരുത്, ഒരു വിഘ്ന സ്വരൂപത്തെയും ഭയക്കാതിരിക്കുക. ഈ വിശേഷത  ഉണർവ്വിന്റെയും ഉത്സാഹത്തിനോടൊപ്പം അനുഭവിക്കുന്നുണ്ടോ? അതോ

വിഘ്നം വരുന്നുണ്ടോ? ഒന്നുണ്ട് വിഘ്നം പാഠം പഠിപ്പിക്കാൻ വരുന്നു, രണ്ട് വിഘ്നം കുലുക്കാൻ വരുന്നു. പാഠം പഠിച്ച് പക്കാ ആയിയെങ്കിൽ ആ വിഘ്നം സ്നേഹമായി പരിവർത്തനപ്പെടുന്നു. വിഘ്നത്തെ കണ്ട് ഭയപ്പെടുന്നുവെങ്കിൽ റജിസ്റ്ററിൽ കറ വീഴുന്നു. വ്യത്യാസം വന്നില്ലേ.

ബ്രാഹ്മണനാകുക അർത്ഥം മായയെ വെല്ലുവിളിക്കുക– വിഘ്നമേ വരൂ, ഞാൻ വിജയിയാണ്, നിനക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല. ആദ്യം മായയുടെ കൂട്ട്ക്കാരായിരുന്നു. ഇപ്പോൾ മായാജീത്താകും എന്ന് വെല്ലുവിളിക്കുന്നു. വെല്ലുവിളിക്കുന്നില്ലേ. ഇല്ലായെങ്കിൽ എന്തിന്റെ മേൽ വിജയിയായി തീരുന്നു? തന്റെ മേൽ? വിജയി രത്നമായി തീരുന്നു അപ്പോൾ മായയുടെ മേൽ വിജയം പ്രാപ്തമാക്കില്ലേ! വിജയ മാലയിൽ കോർക്കപ്പെടുന്നു, പൂജിക്കപ്പെടുന്നു. അതിനാൽ മായ ജീത്ത് ആകുക അർത്ഥം വിജയിയാകുക. ബ്രാഹ്മണനാകുക അർത്ഥം മായയെ വെല്ലുവിളിക്കുക, വെല്ലുവിളിക്കുന്നവർ കളിക്കുന്നു. വന്നു, പോയി. ദൂരെ നിന്നേ തിരിച്ചറിയുന്നു, ദൂരെ നിന്നേ ഓടിക്കുന്നു. സമയം നഷ്ടപ്പെടുത്തുന്നില്ല. സേവനത്തിൽ സർവ്വരും നല്ലതാണ്. സേവനത്തിനോടൊപ്പം നിർവ്വിഘ്ന സേവനത്തിന്റെ റിക്കോഡ് ഉണ്ടാകണം. പവിത്രതയുടെ ആദി മുതൽ റെക്കോഡ് വയ്ക്കാറില്ലേ. സങ്കല്പത്തിൽ പോലും ആദി മുതൽ ഇപ്പോൾ വരെ അപവിത്രമാകാത്തവരായി ആരെങ്കിലുമുണ്ടോ? അപ്പോൾ ഈ വിശേഷത കാണുന്നില്ലേ. കേവലം ഈ ഒരു പവിത്രതയുടെ കാര്യത്തിലൂടെ മാത്രം ബഹുമതിയോടെ പാസാകില്ല. എന്നാൽ സേവനത്തിൽ, സ്വസ്ഥിതിയിൽ, സമ്പർക്കത്തിൽ, സംബന്ധത്തിൽ, ഓർമ്മയിൽ  സർവ്വതിലും ആദി മുതൽ ഇപ്പോൾ വരെ അചഞ്ചലരായിട്ടുള്ളവർ, ചഞ്ചലതയിൽ വരാത്തവർ, വിഘ്നങ്ങൾക്ക് വശപ്പെടാത്തവർ. കേൾപ്പിച്ചില്ലേ വിഘ്നങ്ങൾക്ക് വശപ്പെടാൻ പാടില്ല, സ്വയം മറ്റുള്ളവരുടെ മുന്നിൽ വിഘ്ന രൂപവുമാകരുത്. ഇതിന്റെയും മാർക്ക്സ് ശേഖരിക്കപ്പെടുന്നു. ഒന്ന് പവിത്രത, രണ്ട് അവ്യഭിചാരി ഓർമ്മ. ഓർമ്മയുടെയിടയിൽ  ലേശം പോലും വിഘ്നമുണ്ടാകരുത്. ഇതേ രീതിയിൽ സേവനത്തിൽ സദാ നിർവ്വിഘ്നമായി ഗുണങ്ങളിൽ സദാ സന്തുഷ്ടരാകണം, സന്തുഷ്ടരാക്കണം. സന്തുഷ്ടതയുടെ ഗുണം സർവ്വ ഗുണങ്ങളുടെയും ദാരണയുടെ ദർപ്പണമാണ്. അതിനാൽ ഗുണങ്ങളിൽ സന്തുഷ്ടതയുടെ സർട്ടിഫിക്കറ്റ് സ്വയത്തെ പ്രതിയും നേടണം, മറ്റുളളവരിൽ നിന്നും സർട്ടിഫിക്കറ്റ് നേടണം. ഇതാണ് ബഹുമതിയോടെ പാസാകുന്നതിന്റെ ലക്ഷണം, അഷ്ട രത്നങ്ങളുടെ ലക്ഷണം. സർവ്വതിലും നമ്പർ എടുക്കുന്നവരല്ലേ അല്ലാതെ ഒന്നിൽ മാത്രമല്ലല്ലോ. സേവനത്തിൽ നല്ലവരാണ്. ബാപ്ദാദ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. അഷ്ടരാകുക, ഇഷ്ടരാകുക. അഷ്ടരാകുകയാണെങ്കിൽ ഇഷ്ടരും അത്രയും മഹാനാകും. അതിന് വേണ്ടി മൂന്ന് കാര്യങ്ങൾ മുഴുവൻ വർഷം ഓർമ്മിക്കണം, ചെക്ക് ചെയ്യണം. ഈ മൂന്ന് കാര്യങ്ങൾ ലേശമെങ്കിലും സങ്കല്പത്തിലെങ്കിലും അവശേഷിച്ചുവെങ്കിൽ വിട പറയുക. ഇന്ന് ആശംസകളുടെ ദിനമല്ലേ. അവധി നല്കുമ്പോൾ, വിട പറയുമ്പോൾ എന്ത് ചെയ്യുന്നു?( കല്ക്കണ്ടം, ബദാം, ഏലക്ക) അതിൽ മൂന്ന് കാര്യങ്ങളുണ്ട്. അതിനാൽ ബാപ്ദാദായ്ക്കും മൂന്ന് വസ്തുക്കൾ നല്കില്ലേ. നിടയല്ല, ആശംസകളാണ് അതിനാലാണ് മുഖം മധുരിക്കുന്നത്. ഇവിടെ മൂന്ന് വസ്തുക്കൾ എന്തിന് നല്കുന്നു? അപ്പോൾ പെട്ടെന്ന് വരാനുള്ള ഓർമ്മയുണ്ടാകുന്നു. ബാപ്ദാദായും ഇന്ന് മൂന്ന് കാര്യങ്ങൾ കേൾപ്പിച്ചു കൊണ്ടിരിക്കുന്നു, സേവനത്തിൽ ഇടയ്ക്കിടയ്ക്ക് വിഘ്നരൂപവുമാകുന്നു. അതു കൊണ്ട് മൂന്ന് കാര്യങ്ങളുടെ മേൽ വിശേഷിച്ചും ശ്രദ്ധ നല്കി കൊണ്ടിരിക്കുന്നു, അതിന്റെ ശ്രദ്ധയിലൂടെ സ്വതവേ ബഹുമതിയോടെ പാസായി തീരും.

ഒരു കാര്യം– ഒരു പ്രകാരത്തിലുമുള്ള പരിധിയുള്ള ആകർഷണം ഉണ്ടാകരുത്. ബാബയുടെ ആകർഷണം വേറെയാണ് എന്നാൽ പരിധിയുള്ള ആകർഷണം ഉണ്ടാകരുത്. രണ്ടാമത്– ഏതൊരു പ്രകാരത്തിലും സ്വയം സ്വയത്തോട് അഥവാ മറ്റുള്ളവരോട് സമർദ്ദം അർത്ഥം ആകർഷണം ഉണ്ടാകരുത്. ആകർഷണം ഉണ്ടാകരുത്, മായയുമായി യുദ്ധത്തിന് പകരം പരസ്പരം ആകർഷണം പോലുമുണ്ടാകരുത്. മൂന്നാമത്തേത്– ഒരു പ്രകാരത്തിലുമുള്ള ശക്തിഹീനമായ സ്വഭാവമുണ്ടാകരുത്. ആകർഷണം, സമർദ്ദം, ശക്തിഹീനമായ സ്വഭാവം. വാസ്തവത്തിൽ സ്വഭാവം എന്ന ശബ്ദം വളരെ നല്ലതാണ്. സ്വഭാവം അർത്ഥം സ്വയത്തിന്റെ ഭാവം. സ്വ എന്നാൽ ശ്രേഷ്ഠമെന്നാണ്. ശ്രേഷ്ഠമായ ഭാവം, സ്വയത്തിന്റെ ഭാവം, ആത്മാഭിമാനമാണ്. എന്നാൽ ഭാവ സ്വഭാവം, ഭാവ സ്വഭാവമെന്ന ശബ്ദം വളരെയധികം പറയുന്നില്ലേ. അതിനാൽ ഇത് ശക്തിഹീനമായ സ്വഭാവമാണ്. സമയത്തിനനുസരിച്ച് പറക്കുന്ന കലയിൽ വിഘ്നരൂപമാമാകുന്നു. എന്റെ നേച്ചർ ഇങ്ങനെയാണ് എന്ന് റോയൽ രൂപത്തിൽ പറയുന്നുണ്ട്. നേച്ചർ ശ്രേഷ്ഠമാണെങ്കിൽ ബാബയ്ക്ക് സമാനമാണ്. വിഘ്നരൂപമാകുന്നുവെഹ്കിൽ സ്വഭാവം ശക്തിഹീനമാണ്. അതിനാൽ മൂന്ന് ശബ്ദങ്ങളുടെ അർത്ഥം അറിയാമല്ലോ. പല പ്രകാരത്തിലുള്ള പിരിമുറുക്കമുണ്ട്, പിരിമുറുക്കത്തിന്റെ കാരണമാണ്– ഞാൻ എന്ന ബോധം. ഞാൻ ഇത് ചെയ്തു. എനിക്കിത് ചെയ്യാൻ സാധിക്കും! ഞാൻ തന്നെ ചെയ്യും! ഈ ഞാൻ എന്ന ബോധം, പിരിമുറക്കമുണ്ടാക്കുന്നു.    ഞാൻ എന്നുള്ളത് ദേഹാഭിമാനമാണ്. ഒന്നുണ്ട്– ഞാൻ ശ്രേഷ്ഠ ആത്മാവാണ്. ഞാൻ ഇന്നയാളാണ്, വിവേകശാലിയാണ്, യോഗിയാണ്, ജ്ഞാനിയാണ്. സേവനത്തിൽ മുന്നിലാണ്. ഈ ഞാൻ എന്ന ബോധം പിരിമുറുക്കത്തെ ഉണ്ടാക്കുന്നു. ഈ കാരണത്താൽ സേവനത്തിൽ തീവ്ര ഗതിക്ക് പകരം ഇടയ്ക്ക് തീവ്രത കുറയുന്നു. നടന്നു കൊണ്ടിരിക്കുന്നു എന്നാൽ തീവ്രത

യുണ്ടാകുന്നില്ല. സ്പീഡ് കൂട്ടുന്നതിന്റെ ആധാരമാണ്– മറ്റുള്ളവരെ മുന്നിലുയരുന്നത് കണ്ട് സദാ മറ്റുള്ളവരെ മുന്നോട്ടുയർത്തുക തന്നെയാണ് സ്വയം മുന്നോട്ടുയരുക. സേവനത്തിൽ എന്തെല്ലാം ഞാൻ എന്ന ബോധം ഉണ്ടാകുന്നുവെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. ഈ ഞാൻ എന്ന ബോധം തന്നെയാണ് തീവ്രഗതിയെ സമാപ്തമാക്കുന്നത്. മനസ്സിലായോ!

ഈ മൂന്ന് കാര്യങ്ങൾ തരില്ലേ അതോ കൂടെ കൊണ്ടു പോകുമോ. ഇതിനെയാണ് പറയുന്നത് ത്യാഗത്തിലൂടെ ലഭിച്ച ഭാഗ്യം. സദാ വിതരണം ചെയ്ത് കഴിക്കൂ, വർദ്ധിപ്പിക്കൂ. ഈ ത്യാഗത്തിന്റെ ഭാഗ്യം ലഭിച്ചിട്ടുണ്ട്. സേവനത്തിന്റെ സാധനം ഈ ത്യാഗത്തിന്റെ ഭാഗ്യമാണ്. എന്നാൽ ഈ ഭാഗ്യത്തെ ഞാൻ എന്ന ബോധത്തിൽ പരിധിക്കുള്ളിൽ വയ്ക്കുകയാണെങ്കിൽ വർദ്ധിക്കില്ല. സദാ ത്യാഗത്തിന്റെ ഭാഗ്യത്തിന്റെ ഫലത്തെ, മറ്റുള്ളവരെയും സഹയോഗിയാക്കി വിതരണം ചെയ്ത് മുന്നോട്ട് പോകൂ. ഞാൻ ഞാൻ എന്ന് മാത്രം പറയാതിരിക്കൂ, നിങ്ങളും കഴിക്കൂ. വിതരണം ചെയ്ത് പരസ്പരം കൈ കൊടുത്ത് മുന്നോട്ട് പോകൂ. ഇപ്പോൾ സേവനത്തിനിടയിൽ ഈ വൈബ്രേഷൻ കാണപ്പെടുന്നു. അതിനാൽ ഇതിൻ വിശാല മനസ്കരാകൂ. അങ്ങനെയുള്ളവരെയാണ് പറയുന്നത് അർജ്ജുനൻ. മറ്റുള്ളവരെ കാണരുത്. ഇവരും ഇങ്ങനെയല്ലേ ചെയ്യുന്നത്! ഇതൊക്കെ സംഭവിക്കും, എന്നാൽ ഞാൻ വിശേഷത കാണിക്കുന്നതിന് നിമിത്തമാകണം. ബ്രഹ്മാബാബയുടെ വിശേഷയെന്തായിരുന്നു! സദാ കുട്ടികളെ മുന്നിൽ വച്ചു. എന്നേക്കാൾ കുട്ടികൾ സമർത്ഥർ. കുട്ടികൾ ചെയ്യും! അത്രയും ത്യാഗത്തിന്റെ ഭാഗ്യത്തെ ത്യജിച്ചു. സ്നേഹം കാരണം, പ്രാപ്തി കാരണം ആരെങ്കിലും ബ്രഹ്മാവിന്റെ മഹിമ ചെയ്യുമ്പോൾ അവർക്കും ബാബയുടെ ഓർമ്മ നല്കിയിരുന്നു. ബ്രഹ്മാവിൽ നിന്നും സമ്പത്ത് ലഭിക്കില്ല. ബ്രഹ്മാവിന്റെ ഫോട്ടൊ വയ്ക്കരുത്. ബ്രഹ്മാവാണ് സർവ്വതും എന്ന് മനസ്സിലാക്കരുത്. അതിനാൽ ഇതിനെയാണ് പറയുന്നത് ത്യാഗത്തിന്റെ ഭാഗ്യത്തെ പോലും ത്യാഗം ചെയ്ത് സേവനത്തിൽ മുഴുകുക. ഇതിൽ ഡബിൾ മഹാദാനിയായി തീരുന്നു. മറ്റുള്ളവർ വാഗ്ദാനം ചെയ്യട്ടെ, സ്വയം തന്റെ നേർക്ക് ആകർഷിക്കരുത്. സ്വയം തന്റെ മഹിമ ചെയ്യുന്നു, തന്റെ നേർക്ക് ആകർഷിക്കുന്നുവെങ്കിൽ അതിനെ എന്ത് ശബ്ദത്തിൽ പറയും.! മുരളികളിൽ കേട്ടിട്ടില്ലേ! അങ്ങനെയാകരുത്. ഏതൊരു കാര്യത്തെയും സ്വയം തന്റെ നേർക്ക് ആകർഷിക്കണം എന്ന ചിന്ത പോലും ഉണ്ടാകരുത്. ആ ശ്രേഷ്ഠമായ ഭാഗ്യം സഹജമായി ലഭിക്കണം. ആകർഷിച്ച് എടുക്കുന്നതിനെ ശ്രേഷ്ഠമായ ഭാഗ്യമെന്നു പറയില്ല. അതിൽ സിദ്ധിയുണ്ടാകില്ല. പരിശ്രമം കൂടുതലും സഫലത കുറവും കാരണം സർവ്വരുടെയും ആശീർവാദം ലഭിക്കുന്നില്ല. സഹജമായി ലഭിക്കുന്നതിൽ സർവ്വരുടെയും ആശീർവാദം അടങ്ങിയിട്ടുണ്ട്. മനസ്സിലായോ! പിരിമുറുക്കം എന്താണ്! ആകർഷണത്തെ ആ ദിവസം സ്പഷ്ടമാക്കിയില്ലേ. യാതൊരു ശക്തിഹീനമായ സ്വഭവവും ഉണ്ടാകരുത്. ഞാൻ ഇന്ന ദേശത്ത് വസിക്കുന്നവനാണ് അതിനാൽ എന്റെ സ്വഭാവം, എന്റെ നടത്തം, എന്റെ നിവാസം ഇങ്ങനെയാണെന്ന് മനസ്സിലാക്കരുത്. ദേശം കാരണം, ധർമ്മം കാരണം, കൂട്ട്ക്കെട്ട് കാരണം എന്റെ സ്വഭാവമിങ്ങനെയാണ്. ഇങ്ങനെയാകരുത്. നിങ്ങൾ ഏത് ദേശത്തുള്ളവരാണ്! ഇത് സേവനത്തിന് നിമിത്തമായി ലഭിച്ചിരിക്കുന്ന സ്ഥാനമാണ്. ഞാൻ ഭാരതവാസിയാണ്, ഞാൻ വിദേശിയാണ് എന്ന് ലഹരിയുണ്ടാകരുത്. സർവ്വരും ഒരേയൊരു ബാബയുടേതാണ്. ഭാരതവാസികളും ബ്രാഹ്മണ ആത്മാക്കളാണ്. വിദേശികളും ബ്രാഹ്മണ ആത്മാക്കളാണ്. വ്യത്യാസമില്ല. ഭാരതവാസികൾ അങ്ങനെയാണ്, വിദേശികൽ ഇങ്ങനെയാണ്. ഇങ്ങനെയുള്ള ശബ്ദം ഒരിക്കലും ഉച്ചരിക്കരുത്. സർവ്വരും ബ്രാഹ്മണ ആത്മാക്കളാണ്. ഇത് സേവനത്തിനുള്ള സ്ഥാനം മാത്രമാണ്. കേൾപ്പിച്ചില്ലേ– നിങ്ങൾ വിദേശത്ത് എന്തിന് എത്തിചേർന്നു? അവിടെ എന്ത് കൊണ്ട് ജന്മമെടുത്തു? ഭാരതത്തിലെന്ത് കൊണ്ട് എടുത്തില്ല? സേവാ സ്ഥാനം തുറക്കുന്നതിനാണ് അവിടേ പോയത്. ഇല്ലായെങ്കിൽ ഭാരതവാസികൾക്ക് വിസയുടെ എത്ര പ്രശ്നമുണ്ട്. നിങ്ങൾ സഹജമായി അവിടെയെത്തി. എത്ര ദേശങ്ങളിൽ സേവനം നടന്നു കൊണ്ടിരിക്കുന്നു! അതിനാൽ സേവനത്തിന് വേണ്ടി വിദേശത്ത് എത്തി. ബാക്കി സർവ്വരും ബ്രാഹ്മണ ആത്മാക്കളാണ് അതിനാൽ സ്വഭാവത്തെ ഏതൊരു ആധാരത്തിലും ഉണ്ടാക്കരുത്. ബാബയുടെ സ്വഭാവം തന്നെ കുട്ടികളുടെയും സ്വഭാവം. ബാബയുടെ സ്വഭാവമെന്താണ്? സദാ ഓരോ ആത്മാവിനെ പ്രതി മംഗളം അഥവാ ദയാ ഭാവനയുടെ സ്വഭാവം. ഓരോരുത്തരെയും ഉയർത്തുന്നതിനുള്ള സ്വഭാവം, മധുരതയുടെ സ്വഭാവം, വിനയത്തിന്റെ സ്വഭാവം. എന്റെ സ്വഭാവം ഇങ്ങനെയാണ് എന്ന് ഒരിക്കലും പറയരുത്. എന്റെ എന്നത് എവിടെ നിന്ന് വന്നു. എന്റേത് ഉറക്കെ സംസാരിക്കുന്നതിന്റെ സ്വഭാവമാണ്, എന്റേത് ആവേശത്തിൽ വരുന്നതിന്റെ സ്വഭാവമാണ്. സ്വഭാവം കാരണമാണ് സംഭവിക്കുന്നത്. ഇത് മായയാണ്. ചിലർക്ക് അഭിമാനത്തിന്റെ സ്വഭാവമാണ്, ഈർഷ്യ ആവേശത്തിൽ വരുന്നതിന്റെ സ്വഭാവമാണ്, നിരാശരാകുന്നതിന്റെ സ്വഭാവമാണ്. നല്ലതായിട്ടും സ്വയത്തെ നല്ലതാണെന്ന് മനസ്സിലാക്കുന്നില്ല. സദാ സ്വയത്തെ ശക്തിഹീനനാണെന്നന് മനസ്സിലാക്കുന്നു. എനിക്ക് മുന്നിൽ പോകാൻ സാധിക്കുന്നില്ല. ചെയ്യാൻ സാധിക്കുന്നില്ല. ഈ നിരാശയുടെ സ്വഭാവം ഇതും തെറ്റാണ്. അഭിമാനത്തിൽ വരരുത്. എന്നാൽ സ്വമാനത്തിലിരിക്കൂ ഇങ്ങനെയുള്ള സ്വഭാവത്തെയാണ് പറയുന്നത് ശക്തിഹീനമായ സ്വഭാവം എന്ന്. അതിനാൽ മൂന്ന് കാര്യങ്ങളുടെയും ശ്രദ്ധ മുഴുവൻ വർഷവും ഉണ്ടായിരിക്കണം. ഈ മൂന്ന് കാര്യങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കണം. പ്രയാസമ

ല്ലല്ലോ. സാഥി ആദി മുതൽ അന്ത്യം വരെ സഹയോഗി സാഥിയാണ്. സാഥി സമാനമാകണ്ടേ. സാഥികളിൽ സമാനതയില്ലായെങ്കിൽ സാഥിക്ക് സ്നേഹത്തിന്റെ രീതി നിറവേറ്റാൻ സാധിക്കില്ല. ശരി, ഈ 3 കാര്യങ്ങൾ ശ്രദ്ധയിൽ വയ്ക്കില്ലേ. എന്നാൽ ഈ 3 കാര്യങ്ങളിൽ നിന്നും സദാ സുരക്ഷിതരായിട്ടിരിക്കുന്നതിന് വേറെ 3 കാര്യങ്ങൾ ഓർമ്മിക്കണം. ഇന്ന് മൂന്നിന്റെ പാഠം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. സദാ തന്റെ ജീവിതത്തിൽ ഒന്ന് ബാലൻസ് വയ്ക്കണം. സർവ്വ കാര്യങ്ങളിലും ബാലൻസ് ഉണ്ടായിരിക്കണം. ഓർമ്മയിലും സേവനത്തിലും ബാലൻസ് സ്വമാനം, അഭിമാനത്തെ സമാപ്തമാക്കുന്നു. സ്വമാനത്തിൽ സ്ഥിതി ചെയ്യണം. ഈ കാര്യങ്ങളെല്ലാം സ്മൃതിയിലുണ്ടായിരിക്കണം. കൂടുതൽ രമണീകമാകരുത്, കൂടുതൽ ഗംഭീരവുമാകരുത്, ബാലൻസ് ഉണ്ടാകണം. സമയത്ത് രമണീകം, സമയത്ത് ഗംഭീരം. അതിനാൽ ഒന്നുണ്ട്– ബാലൻസ്. രണ്ട്– സദാ അമൃതവേളയിൽ ബാബയിൽ നിന്നും വിശേഷ ആശീർവാദം നേടണം. ദിവസവും അമൃതവേളയിൽ ബാപ്ദാദ കുട്ടികളെ പ്രതി ആശീർവാദത്തിന്റെ സഞ്ചി നിറയ്ക്കുന്നു. അതിൽ നിന്നും ഏത്ര നേടാൻ ആഗ്രഹിക്കുന്നുവൊ അത്രയും നേടാം. അതിനാൽ ബാലൻസ്, ആശീർവാദം മൂന്നമത്തേത് ആനന്ദകരമായ ജീവിതം. മൂന്ന് കാര്യങ്ങൾ സ്മൃതിയിലുണ്ടെങ്കിൽ, ശ്രദ്ധിക്കേണ്ട മൂന്ന് കാര്യങ്ങൾ സ്വതവേ സമാപ്തമാകും. മനസ്സിലായോ! ശരി വേറെ മൂന്ന് കാര്യങ്ങൾ കേൾക്കൂ.
ലക്ഷ്യത്തിന്റെ രൂപത്തിൽ അഥവാ ധാരണയുടെ രൂപത്തിൽ വിശേഷിച്ച് മൂന്ന് കാര്യങ്ങൾ ശ്രദ്ധയിൽ വയ്ക്കണം. അത് ഉപേക്ഷിക്കണം ഇത് ധാരണ ചെയ്യണം. ഉപേക്ഷിക്കേണ്ടതിനെ സദാ കാലത്തേക്ക് ഉപേക്ഷിച്ചില്ലേ, അതിനെ ഓർമ്മിക്കേണ്ട ആവശ്യം വരില്ല. എന്നാൽ ഈ മൂന്ന് കാര്യങ്ങൾ സ്മൃതിയിൽ വയ്ക്കണം, ധാരണ സ്വരൂപത്തിൽ വിശേഷിച്ചും ഓർമ്മിക്കണം. ഒന്ന്– സർവ്വ കാര്യങ്ങലിലും യാഥാർത്ഥ്യം ഉണ്ടാകണം, മിക്സാകരുത്. ഇതിനെയാണ് പറയുന്നത്– യാഥാർത്ഥ്യം. സങ്കല്പത്തിൽ, വാക്കിൽ, സർവ്വ കാര്യങ്ങളിലും യഥാർത്ഥമായിരിക്കണം. സത്യമായ ഹൃദയമുള്ളവരുടെ മേൽ ബാബ സന്തുഷ്ടമായിരിക്കും. സത്യതയുടെ ലക്ഷണമെന്തായിരിക്കും? സത്യം ഒരിക്കലും മറഞ്ഞിരിക്കില്ല. സത്യതയുള്ളവർ സദാ സന്തോഷത്തിൽ നൃത്തം ചെയ്തു കൊണ്ടിരിക്കും. അതിനാൽ ഒന്ന് യാഥാർത്ഥ്യം, രണ്ട്– രാജകീയത. ചെറിയ ചെറിയ കാര്യങ്ങളിൽ ബുദ്ധി ഒരിക്കലും കുനിയരുത്. റോയലായ കുട്ടികളുടെ ശ്രദ്ധ ഒരിക്കലും ചെറിയ വസ്തുക്കളിലേക്ക് പോകില്ല. ദൃഷ്ടി പോയിയെങ്കിൽ അവരെ റോയൽ എന്നു പറയില്ല. ഏതെങ്കിലും ചെറിയ ചെറിയ കാര്യങ്ങളിൽ ബുദ്ധി പോകുന്നുവെങ്കിൽ അതിനെ രാജകീയത എന്നു പറയില്ല. റോയലായിട്ടുള്ളവർ സദാ പ്രാപ്തി സ്വരൂപരായിരിക്കും. എവിടെയും കണ്ണോ ബുദ്ധിയോ പോകില്ല. അപ്പോൾ ഇതാണ് ആത്മീയ റോയൽട്ടി. വസ്ത്രങ്ങളുടെ രാജകീയതയല്ല. അതിനാൽ റീയൽട്ടി(യാഥാർത്ഥ്യം), റോയൽട്ടി(രാജകീയത), മൂന്നാമത്തേതാണ് യൂനിറ്റി(ഐക്യം). ഓരോ കാര്യത്തിലും സങ്കല്പത്തിൽ, വാക്കിൽ, കർമ്മത്തിൽ സദാ പരസ്പരം ഐക്യം കാണപ്പെടണം. ബ്രാഹ്മണൻ അർത്ഥം ഒന്ന്. ലക്ഷം അല്ല ഒന്നാണ്. ഇതിനെയാണ് ഐക്യം എന്നു പറയുന്നത്. അവിടെ അനേക സ്ഥിതി കാരണം ഒന്ന് പോലും അനേകമായി തീരുന്നു, ഇവിടെ അനേകമായിട്ടും ഒന്നാണ്. ഇതിനെയാണ് ഐക്യം എന്നു പറയുന്നത്. മറ്റുള്ളവരെ കാണരുത്. ഞാൻ ഐക്യം ആഗ്രഹിക്കുന്നുണ്ട് എന്നാൽ അവർ ചെയ്യുന്നില്ല. നിങ്ങൾ ചെയ്യുകയാണെങ്കിൽ അവർക്ക് അനൈക്യത്തിന്റെ അവസരം ലഭിക്കില്ല. ഒരാൾ കൈ ഇങ്ങനെ ചെയ്യുന്നു, മറ്റയാൾ ചെയ്യുന്നില്ലായെങ്കിൽ ശബ്ദം ഉണ്ടാകുന്നില്ല. ആരെങ്കിലും അനൈക്യത്തിന്റെ എന്തെങ്കിലും കാര്യം ചെയ്യുമ്പോൾ, നിങ്ങൾ ഐക്യത്തിലിരിക്കൂ എങ്കിൽ, അനൈക്യമുള്ളവർക്ക് അനൈക്യത്തിന്റെ കർത്തവ്യം ചെയ്യാൻ സാധിക്കില്ല. ഐക്യത്തിൽ തന്നെ വരേണ്ടി വരും അതിനാൽ മൂന്ന് കാര്യങ്ങൾ– യാഥാർത്ഥ്യം, രാജകീയത, ഐക്യം. ഈ 3 കാര്യങ്ങൾ സദാ ബാബയ്ക്ക് സമാനമാകുന്നതിൽ സഹയോഗിയായി മാറും. മനസ്സിലായോ– ഇന്ന് മൂന്നിന്റെ പാഠം പഠിച്ചില്ലേ. ബാബയ്ക്ക് കുട്ടികളുടെ മേൽ അഭിമാനമുണ്ട്. ഇത്രയും യോഗ്യരായ കുട്ടികൾ, യോഗി കുട്ടികൾ വേറൊരച്ഛനും ഉണ്ടായിരിക്കില്ല. യോഗ്യരുമാണ്, യോഗിയുമാണ് ഓരോരുത്തരും കോടി മടങ്ങ് ഭാഗ്യശാലികളുമാണ്. മുഴുവൻ കല്പത്തിൽ ഇത്രയും ഇങ്ങനെയുള്ള കുട്ടികൾ ഉണ്ടായിരിക്കില്ല. അതിനാൽ വിശേഷിച്ചും അമൃതവേള സമയം ബാപ്ദാദാ ബ്രാഹ്മണ കുട്ടികൾക്ക് വേണ്ടി എന്തിന് വച്ചിരിക്കുന്നു? കാരണം വിശേഷിച്ചും ഓരോ കുട്ടിയുടെയും വിശേഷതയെ, സേവനത്തെ, ഗുണത്തെ സദാ മുന്നിൽ കൊണ്ടു വരുന്നു. പിന്നെന്ത് ചെയ്യുന്നു? ഓരോ കുട്ടിയുടെയും വിശേഷത, ഗുണം, സേവനം അവർക്ക് വിശേഷ വരദാനത്തിലൂടെ അവിനാശിയാക്കുന്നു. അതിനാൽ വിശേഷിച്ചും ഈ സമയം കുട്ടികൾക്ക് വേണ്ടി വച്ചിരിക്കുന്നു. അമൃതവേളയുടെ വിശേഷ പാലനയുണ്ട്. മനസ്സിലായോ–എന്ത് ചെയ്യുന്നു, നിങ്ങൾ എന്ത് ചെയ്യുന്നു? ശിവബാബ സുഖദാതാവാണ്, ശാന്തിദാതാവാണ്.....അങ്ങനെ പറയാറില്ലേ. ബാബ പാലന നല്കുന്നു. അമ്മ കുട്ടികളെ രാവിലെ തയ്യാറാക്കുന്നു, വൃത്തിയാക്കിയതിന് ശേഷം പറയുന്നു– ഇനി മുഴുവൻ ദിവസം കഴിക്കൂ, കുടിക്കൂ, പഠിക്കൂ എന്ന്. ബാപ്ദാദായും അമൃതവേളയിൽ ഈ പാലന നല്കുന്നു അർത്ഥം മുഴുവൻ ദിനത്തേക്ക് ശക്തി നിറയ്ക്കുന്നു. ഇത് വിശേഷ പാലനയുടെ സമയമാണ്. ഇത് എക്സ്ട്രാ വരദാനത്തിന്റെ, പാലനയുടെ സമയമാണ്. അമൃതവേള വരദാനങ്ങളുടെ സഞ്ചി തുറക്കപ്പെടുന്നു. അര് എത്രത്തോളം വരദാനം നേടാൻ ആഗ്രഹിക്കു

ന്നുവൊ സത്യമായ ഹൃദയത്തോടെ, സ്വാർത്ഥ താല്പര്യത്തോടെയല്ല. സ്വാർത്ഥതയുണ്ടെങ്കിൽ പറയും എനിക്ക് ഇത് നല്കൂ, സ്വാർത്ഥതയോടെ യാചിക്കുമ്പോൾ ബാപ്ദാദ എന്ത് ചെയ്യുന്നു! അവരുടെ സ്വാർത്ഥത തെളിയിക്കുന്നതിന് അത്രയും ശക്തി നല്കുന്നു, സ്വാർത്ഥത പൂർത്തിയായി കഴിഞ്ഞു. എന്നാലും കുട്ടികൾ ഇല്ല എന്ന് പറയില്ല. എന്നാൽ സദാ വരദാനങ്ങളാൽ പാലിക്കപ്പെട്ടു കൊണ്ടിരിക്കൂ, നടന്നു കൊണ്ടിരിക്കൂ, പറന്നു കൊണ്ടിരിക്കൂ അതിന് വേണ്ടി എത്രത്തോളം അമൃതവേളയെ ശക്തിശാലിയാക്കുന്നുവൊ അത്രയും മുഴുവൻ ദിവസം സഹജമാകും. മനസ്സിലായോ.
സദാ സ്വയത്തെ ബഹുമതിയോടെ പാസാകണം എന്ന ലക്ഷ്യത്തിലും ലക്ഷണത്തിലും മുന്നോട്ടു പോകുന്ന, സദാ സ്വയത്തെ ബ്രഹ്മാബാബയ്ക്ക് സമാനം ത്യാഗത്തിന്റെ ഭാഗ്യത്തെ വിതരണം ചെയ്യുന്ന, നമ്പർവൺ ത്യാഗി ശ്രേഷ്ഠ ഭാഗ്യത്തെയുണ്ടാക്കുന്ന, സജാ സഹജമായ പ്രാപ്തിയുടെ അധികാരിയായി സ്വ ഉന്നതിയും സേവനത്തിന്റെ ഉന്നതിയും ചെയ്യുന്ന, സദാ ഓരോ ചുവടിലും സഹയോഗി, സാഥിയായി മുന്നോട്ടുയരുന്ന, സ്മൃതി, സ്ഥിതിയെ ശക്തിശാലിയാക്കുന്നതിലൂടെ ബാബയെ അനുകരിക്കുന്ന, സദാ സഹയോഗി, സാഥി, അനുസരണയുള്ളവർ, ആജ്ഞാകാരി, സന്തുഷ്ടരായിരിക്കുന്ന, സർവ്വരെയും സന്തുഷ്ടരാക്കുന്നതിന്റെ രഹസ്യത്തെ അറിയുന്ന., ശ്രേഷ്ഠ ആത്മാക്കൾക്ക്, മഹാൻ പുണ്യാത്മാക്കൾക്ക്, ഡബിൾ മഹാദാനി കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

## വരദാനം- മനസ്സാ ബന്ധനങ്ങളിൽ നിന്നും മുക്തം, അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ചെയ്യുന്ന മുക്തി ദാതാവായി ഭവിക്കട്ടെ.

അതീന്ദ്രിയ സുഖത്തിൽ ആടുക- ഇത് സംഗമയുഗി ബ്രാഹ്മണരുടെ വിശേഷതയാണ്. എന്നാൽ മനസ്സാ സങ്കല്പങ്ങളുടെ ബന്ധനം ആന്തരിക സന്തോഷത്തിന്റെ അഥവാ സുഖത്തിന്റെ അനുഭവം ചെയ്യാൻ അനുവദിക്കില്ല. വ്യർത്ഥ സങ്കല്പം, ഈർഷ്യ, അലസത അഥവാ അശ്രദ്ധയുടെ സങ്കലപ്ങ്ങളുടെ ബന്ധനങ്ങളിൽ ബന്ധിക്കപ്പെടുക തന്നെയാണ് മനസ്സാ ബന്ധനം, അങ്ങനെയുള്ള ആത്മാവ് അഭിമാനത്തിന് വശപ്പെട്ട് മറ്റുള്ളവരുടെ തെറ്റ് ചിന്തിക്കുന്നു, അവരുടെ തിരിച്ചറിയാനുള്ള ശക്തി സമാപ്തമാകുന്നു അതിനാൽ ഈ സൂക്ഷ്മ ബന്ധനത്തിൽ നിന്നും മുക്തമാകൂ എങ്കിൽ മുക്തി ദാതാവാകാൻ സാധിക്കും.

## സ്ലോഗൻ- നിങ്ങളുടെയടുത്ത് ദുഃഖത്തിന്റെ അലകൾക്ക് വരാൻ പറ്റാത്ത വിധത്തിൽ സന്തോഷത്തിന്റെ ഖനികൾ കൊണ്ട് സമ്പന്നരായിരിക്കൂ.

**അവ്യക്ത സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിനുള്ള വിശേഷ ഹോംവർക്ക് –** നിങ്ങളുടെ മുന്നിൽ ആര് എത്രത്തോളം വ്യർത്ഥം സംസാരിച്ചാലും നിങ്ങൾ വ്യർത്ഥത്തെ സമർത്ഥത്തിലേക്ക് പരിവർത്തനം ചെയ്യൂ. വ്യർത്ഥത്തെ തന്റെ ബുദ്ധിയിൽ സ്വീകരിക്കാതിരിക്കൂ. വ്യർത്ഥമായ ഒരു വാക്കെങ്കിലും സ്വീകരിച്ചുവെങ്കിൽ ഒരു വ്യർത്ഥം അനേക വ്യർത്ഥത്തിന് ജന്മം നല്കും. തന്റെ വാക്കിൽ പൂർണ്ണ ശ്രദ്ധ നല്കൂ, കുറച്ച് സംസാരിക്കൂ, പതുക്കെ സംസാരിക്കൂ, മധുരമായി സംസാരിക്കൂ എങ്കിൽ സ്ഥിതി സഹജമായി അവ്യക്തമാകും.